**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1354** **11-09-2023 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ തിമിരിപ്പുഴ, തോട്ടത്താംകണ്ടി, മുറിനടയ്ക്കൽ, നടയ്ക്കൽ പാലങ്ങളുടെ പ്രവൃത്തി പുരോഗതി വിശദമാക്കുമോ; | (എ) | 1) **തിമിരിപ്പുഴ പാലം-** ഈ പാലത്തിന് 8 കോടി 44 ലക്ഷം രൂപ ഭരണാനുമതിയും 8,42,30,000 രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായി, പാലത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ പാലത്തിന്റെ A2 സൈസ് രണ്ടാമത്തെ ഫൂട്ടിങ്ങ് പ്രവൃത്തി പുരോഗതിയിലാണ്.<br><br>2) **തോട്ടത്താൻകണ്ടി പാലം-** ഈ പാലത്തിന് 9 കോടി 20 ലക്ഷം രൂപ ഭരണാനുമതിയും 9 കോടി 20 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായി, പാലത്തിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ സബ്സ്ട്രക്ചർ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പാലേരി ഭാഗത്ത് ഡ്രെയിനേജിന്റെയും റീട്ടെയിനിംഗ് വാളിന്റെയും പ്രവൃത്തി പുരോഗതിയിലാണ്. മരുതോങ്കര ഭാഗത്ത് റോഡിന്റെ GSB പ്രവൃത്തി വരെ പൂർത്തിയായിട്ടുണ്ട്.<br><br>3) **മുറിനടക്കൽ പാലം-** ഈ പാലത്തിന് 4 കോടി രൂപയുടെ ഭരണാനുമതിയും 4 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായി, പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബ്രിഡ്ജ് പ്രവൃത്തി പൂർത്തിയായിട്ടുണ്ട് അപ്രോച്ച് റോഡിന്റെ പ്രവൃത്തിയിൽ embankment filling പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>4) **നടക്കൽ പാലം-** ഈ പാലത്തിന് 4 കോടി രൂപയുടെ ഭരണാനുമതിയും 3 കോടി 12 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തിയായി പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബ്രിഡ്ജ് പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. രണ്ട് ഭാഗത്തും അപ്രോച്ച് റോഡിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മണ്ഡലത്തിലെ അകലാപ്പുഴ പാലം, നടേരികടവ് പാലം എന്നിവയുടെ പ്രവൃത്തിക്ക് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | **<u>1) അകലാപ്പുഴ പാലം</u>** – പ്രസ്തുത പ്രവൃത്തിക്ക് 31.10.2016 തീയതിൽ G.O(Rt) No. 1496/2016/PWD പ്രകാരം തത്വത്തിൽ 35 കോടി രൂപയുടെ ഭരണാനുമതിയും 04.06.2018 ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 6 കോടി രൂപ ഉൾപ്പെടെ 30 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. കണ്ടിജൻസി ചാർജിനത്തിൽ 7,49,595/- രൂപ 20.09.2021 ൽ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിക്കുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>**<u>2) നടേരിക്കടവ് പാലം</u>** – പ്രസ്തുത പ്രവൃത്തിക്ക് 10/07/2017 തീയതിയിൽ GO (Rt)No. 942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 28.10.2020 -ൽ ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെ 23.0361 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. കണ്ടിജൻസി ചാർജിനത്തിൽ 6,64,152/- രൂപ 02.12.2022 ൽ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 30.06.2023 ൽ 27.47 കോടി രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതികാനുമതി തുക സാമ്പത്തിക അനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ സാമ്പത്തിക അനുമതി ലഭ്യമാകേണ്ടതുണ്ട്. ആയത് 13.07.2023 തീയതിയിൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്ത് ആരംഭിക്കുവാൻ സാധിക്കും. |
| (സി) | പി. യു. കെ. സി. റോഡിലെ പാറക്കടവത്ത് പാലത്തിന്റെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (സി) | പാറക്കടവത്ത് പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | പൂഴിത്തോട് എക്കൽ പാലം, ചേനായികടവ് പാലം എന്നിവയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പൂഴിത്തോട് എക്കൽ പാലത്തിന്റെ നിർമ്മാണം ഈ വർഷം നബാർഡിൽ സമർപ്പിക്കേണ്ട പദ്ധതികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ചേനായിക്കടവ് പാലത്തിന്റെ നിർമ്മാണത്തിനുള്ള ഡിപിആർ കഴിഞ്ഞ വർഷം തയ്യാറാക്കി നബാർഡിൽ സമർപ്പിച്ചിരുന്നുവെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ അനുമതി ലഭ്യമായില്ല. |

സെക്ഷൻ ഓഫീസർ